# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 561** **27/10/2016 ൽ മറുപടി**

## 'വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ' പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. യു. ആർ. പ്രദീപ്**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ. വി. ജോയി** | | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | 'വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ' എന്ന പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 'വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക' എന്ന ഉദ്ദേശത്തോടെയാണ് സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ അക്കാദമികമായും, ഭൗതികമായും, സാമൂഹ്യ പങ്കാളിത്തപരമായും ഉള്ള മികവ് കൈവരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായുള്ള മാർഗ്ഗരേഖയും, കർമ്മപരിപാടികളും രൂപപ്പെടുത്തിവരുന്നു. 2016 നവംബർ 5-ന് നടക്കുന്ന ക്ലസ്റ്റർ പരിശീലന യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രാഥമിക വിവരങ്ങൾ അദ്ധ്യാപകർക്ക് നൽകുന്നതാണ്. |
| (ബി) | പൊതുവിദ്യാലയങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റി അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയുടെ ആശാസ്യമല്ലാത്ത ഇടപെടൽ പരിമിതപ്പെടുത്തുന്നതിനായി ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | ഉണ്ട്. പൊതുവിദ്യാലയങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആയതിലേയ്ക്കായി അക്കാദമികമായും, ഭൗതികമായും മറ്റുമുള്ള നവീകരണ പദ്ധതികളുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ ഘടന, ബയോഡൈവേഴ്സിറ്റി പാർക്ക്, കലാസാംസ്കാരിക പാർക്ക്, ഹൈടെക്ക് ക്ലാസ് റൂം തുടങ്ങിയവയും പ്രൈമറി സ്കൂളുകളിലെ ഇംഗ്ലീഷ് പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതി തുടങ്ങിയവയ്ക്ക് തുടക്കംകുറിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ബഹുമുഖമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുതകുന്ന തരത്തിൽ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് കലാകായിക രംഗങ്ങളിലുള്ള കഴിവുകൾ വളർത്തിയെടുക്കുന്നതിനുതകുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, വ്യക്തിഗത കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി നൈപുണ്യകേന്ദ്രം സജ്ജീകരിക്കുന്നതിനും സ്കൂൾ ലബോറട്ടറികൾ നവീകരിക്കുന്നതിനും അദ്ധ്യാപക ശാക്തീകരണത്തിനും ഐ.സി.ടി. അടിസ്ഥാനപ്പെടുത്തിയുള്ള പഠനം ശക്തിപ്പെടുത്തുന്നതിനും വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ